● പഠനം

● അബൂ ഹാദിയ


# ജൂതമതവും സയണിസവും പരസ്പരവിരുദ്ധം

**'ജൂതമതവും ഇസ്‌ലാമും തമ്മിൽ നിദാന്തമായ ശത്രുത നിലനിൽക്കുന്നുവെന്ന് മുസ്‌ലിം യാഥാസ്ഥിതികതയും ഇസ്‌ലാമോഫോബുകളും ഒരുപോലെ പ്രചരിപ്പിക്കുന്നു. 1948 ൽ ഇസ്രായേലിന്റെ രൂപവൽകരണശേഷം മുസ്‌ലിംകളുടെ എല്ലാ വിഭാഗങ്ങളിലേക്കും ഒരു ജൂതവിരുദ്ധ മനോഭാവം അൽപമെങ്കിലും പടർന്നിട്ടുണ്ട്. എന്നാൽ ഇത് മുസ്‌ലിം ചരിത്രത്തിലെ ഒരു നവീനമായ വികാസമാണ്. സയണിസം, ജൂതമതത്തെ റാഞ്ചിയെടുത്തതിന്റെ അനന്തരഫലമാണിത്. ജൂതമതത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ അട്ടിമറിച്ചുകൊണ്ടാണ് സയണിസം പിറവിയെടുത്തതും വളർന്നതും'.**

ജൂതർക്ക് ജന്മഗേഹം എന്ന രാഷ്ട്രീയ മുദ്രാവാക്യമുയർത്തി പ്രവർത്തിക്കുന്ന ജൂതദേശീയതാവാദവുമായി രംഗത്തുവന്ന സയണിസം ജൂതമതത്തിന്റെ അടിസ്ഥാന സങ്കൽപങ്ങളുമായി ഏറ്റുമുട്ടുന്ന പ്രസ്ഥാനമാണ്. സയണിസ്റ്റ് ആചാര്യന്മാർ ജൂതമതവിശ്വാസികളായിരുന്നില്ല. അന്ത്യനാളിൽ യഹോവയാണ് ഇസ്രയേൽ രാഷ്ട്ര രൂപവൽകരണം നടത്തുക എന്ന യാഥാസ്ഥിതിക ജൂതമതസങ്കൽപത്തിൽ അവിശ്വസിച്ചവരാണ് തിയഡോർഹെർസലും, ഡേവിഡ് ബെൻ ഗൂരിയനും.

ജൂത-ഇസ്‌ലാം സംഘട്ടനങ്ങൾക്ക് ചരിത്രത്തിൽ വേരുകളില്ല. ക്രൈസ്തവ വിഭാഗവുമായി നടന്നതുപോലുള്ള സംഘട്ടനങ്ങൾ മുസ്‌ലിംകൾ ജൂതരുമായി നടത്തിയിട്ടില്ല. ഇസ്രായേലിന്റെ പേരിലുള്ള മുസ്‌ലിം-ജൂത ഭിന്നിപ്പിന് മുമ്പ് ഇരുകൂട്ടരും തമ്മിൽ പറയത്തക്ക പോരാട്ടങ്ങളിലൊന്നും ഏർപ്പെട്ടിട്ടുമില്ലെന്ന് മതചിന്തക കരൺ ആംസ്ട്രോങ് കൃത്യമായി ചൂണ്ടിക്കാട്ടുന്നുണ്ട്.(1)

അറബികളും പ്രാചീന ഇസ്രയേൽ നിവാസികളും സെമിറ്റിക് വിഭാഗത്തിൽപ്പെടുന്നവരാണ്. ഹിബ്രു, അറബി എന്നിവ സെമിറ്റിക് ഭാഷാ കുടുംബത്തിൽ ഉൾപ്പെടുന്ന ഭാഷകളുമാണ്. ഇസ്‌ലാമും ജൂതമതവും തമ്മിൽ ഘടന, നിയമം, ആചാരങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ തലത്തിലുള്ള സാധർമ്മ്യം മറ്റേത് മതവിഭാഗങ്ങളേക്കാളും


ജോൺ എൽ എസ്പോസിറ്റോ


കരൺ ആംസ്ട്രോങ്

അധികമാണ്.(2) ഇരുകൂട്ടർക്കും പന്നിമാംസം നിഷിദ്ധം. ഇരുവരും ത്രിത്വത്തെയും ആദിപാപ സിദ്ധാന്തത്തെയും, വിഗ്രഹപൂജയെയും, യേശുവിന്റെ ദിവ്യത്വത്തേയും നിഷേധിക്കുന്നു. മുസ്‌ലിം ഭക്ഷ്യനിയമങ്ങളും, സ്ത്രീ-പുരുഷ വേർതിരിവും ജൂതമതവുമായി കൂടുതൽ അടുത്ത് നിൽക്കുന്നു. ഇരുവർക്കും ചത്ത മൃഗങ്ങളെ ഭക്ഷിക്കുന്നത് നിഷിദ്ധമാണ്. ജൂതർ ദൈവ നാമത്തിൽ അറുത്തതിനെ മുസ്‌ലിംകൾക്ക് ഭക്ഷിക്കാം; എന്നാൽ ജൂതർക്ക് ഇത് പാടില്ലാത്തതാണ്. ഏറ്റവും ആത്മവത്തായ മനുഷ്യന്റെ ബന്ധമായ വൈവാഹികാവസ്ഥ (ഖുർആൻ: 4:21) പോലും ജൂതമതക്കാരുമായി ആകാമെന്ന് ഇസ്‌ലാം നിശ്ചയിച്ചു (ഖുർആന്:5:5)

ഖുർആൻ ഇസ്രയേലി സമൂഹത്തെക്കുറിച്ച് വിശദമായ അപഗ്രഥന പഠനം തന്നെ കാഴ്ചവെക്കുന്നുണ്ട്. ഇസ്രയേൽ സന്തതികൾ, അബ്രഹാം പ്രപിതാവ്, യാക്കോബ്, ഇസ്ഹാഖ് എന്നിവരെയൊക്കെ ഖുർആൻ മഹത്വവത്കരിക്കുന്നു (44:32) മറ്റുപലർക്കും നൽകാത്ത അനുഗ്രഹങ്ങൾ ഇസ്രായേലികൾക്ക് നൽകി (ഖുർആൻ: 5:20, 2:47, 44:32). ധാരാളം ദൈവ ദൂതന്മാർ അവരിലേക്ക് അയക്കപ്പെട്ടു. (ഖുർആൻ:5:20).

അബ്രഹാമിന്റെയും മോശയുടെയും ദൈവത്തെയാണ് മുസ്‌ലിംകൾ ആരാധിക്കുന്നത്, ധാർമ്മിക ഉത്തരവാദിത്തം, കണക്ക് ബോധിപ്പിക്കൽ എന്നിവയിൽ ജൂത-ഇസ്‌ലാം മതങ്ങൾ യോജിക്കുന്നു. ജൂതസമൂഹത്തിൽ നന്മയേച്ഛുക്കൾ ഉള്ളതായി ഖുർആൻ ആവർത്തിച്ച് സാക്ഷ്യപ്പെടുത്തുന്നു.(3)

**ജൂത മുസ്‌ലിം ബന്ധം ചരിത്രത്തിൽ**


പ്രവാചകൻ(സ)യെ യസ്‌രിബിലേക്ക് ക്ഷണിക്കുന്നതിൽ ജൂതർക്കും താല്പര്യമുണ്ടായിരുന്നു. തങ്ങൾക്കിടയിലെ തർക്കങ്ങളുടെ മദ്ധ്യസ്ഥനായി ജൂതന്മാർ മുഹമ്മദ് നബി(സ)യെ പരിഗണിച്ചിരുന്നതായി മതതത്വചിന്തകൻ എസ്പോസിറ്റോ ചൂണ്ടിക്കാട്ടുന്നു.(4) മദീനയിൽ പിൽക്കാലത്ത് ജൂതരിൽ ഒരു വിഭാഗവുമായുള്ള സംഘർഷത്തിന്റെ കാരണം രാഷ്ട്രീയമായിരുന്നു. പ്രവാചകൻ(സ) ആഗതനായിരുന്നില്ലെങ്കിൽ മദീനയിലെ അധികാരിയായി വിളങ്ങേണ്ടിയിരുന്നത് അബ്ദുല്ലാഹിബ്നു ഉബയ്യ് എന്ന ജൂതനായിരുന്നു എന്നതാണ് ഇതിന്റെ പ്രധാന കാരണം.(5)

ക്രിസ്ത്വബ്ദം 711 ലാണ് താരിഖ് ഇബ്നു സിയാദിന്റെ നേതൃത്വത്തിലുള്ള 12000 പേർ മാത്രം വരുന്ന മുസ്‌ലിം സൈന്യം സ്പെയിൻ പിടിച്ചടക്കുന്നത്. വിസിഗോത്ത് ഭരണാധികാരിയായ റൊഡെറിക് രാജാവ്, പഠനത്തിനായി എത്തിയ പ്രാദേശിക ഗവർണർ ജൂലിയൻ പ്രഭുവിന്റെ മകളെ ബലാത്സംഗം ചെയ്തതിന് പ്രതികാരം ചെയ്യാനായി ക്രിസ്ത്യാനിയായ ജൂലിയൻ ഉത്തരാഫ്രിക്കയിലെ അമവിയ്യഃ ഗവർണർ മൂസ ഇബ്നു നുസൈറിനോട് സഹായാഭ്യർത്ഥന നടത്തിയതിനെ തുടർന്നായിരുന്നു ത്വാരിഖിന്റെ പടയോട്ടം. മുസ്‌ലിംകളെ പിന്തുണക്കാൻ ജൂതർ മുമ്പിലുണ്ടായിരുന്നു. വിമോചകരായാണ് സ്പാനിഷ് ജനത ത്വാരിഖിനെ വരവേറ്റത്. മുസ്‌ലിം ഭരണകാലം പൊതുവെ മതസൗഹാർദ്ദത്തിന്റെയും സഹിഷ്ണുതയുടെയും സുവർണ ഘട്ടമായി ലോകചരിത്രം വിലയിരുത്തുന്നു.

മുസ്‌ലിം ഭരണത്തിന്റെ തകർച്ചയെത്തുടർന്ന് സ്പെയിനിൽ നിന്ന് മുസ്‌ലിംകളോടൊപ്പം ജൂതരും പുറത്താക്കപ്പെടുകയായിരുന്നു. ഇരുകൂട്ടരും കടുത്ത തോതിൽ മതപീഡനങ്ങൾക്കിരയായി. സ്പെയിനിൽ നിന്ന് പുറത്താക്കപ്പെട്ട ജൂതർക്ക് ഒട്ടോമൻ സാമ്രാജ്യമാണ് അഭയം കൊടുത്തത്.

യൂറോപ്യൻ നാടുകളിൽ നിന്ന് ജൂതർ ആന്റിസെമിറ്റിസത്തിന്റെ പേരിൽ പുറത്താക്കപ്പെടുമ്പോഴും ഒട്ടോമൻ സാമ്രാജ്യം അവർക്ക് അഭയമരുളി. യൂറോപ്പ് ജൂതവേട്ടയിൽ അഭിരമിക്കുമ്പോൾ മുസ്‌ലിം നാടുകളിൽ അവർക്ക് അഭയം ലഭിച്ചു. ക്രൈസ്തവ ലോകത്ത് വിപുലമായി നിലനിന്ന ജൂതവിരുദ്ധത മുസ്‌ലിം ലോകത്ത് പ്രകടമായില്ല എന്നതിന് ലോക ചരിത്രം സാക്ഷിയാണ്. 1945 ലെ കണക്കനുസരിച്ച് ഏതാണ്ട് 8 ലക്ഷത്തോളം ജൂതർ അറബ് ലോകത്ത് വസിച്ചിരുന്നു.

ദിമ്മികൾ (സംരക്ഷിത വിഭാഗം) എന്ന നിലയിലുള്ള മുസ്‌ലിം നാടുകളിലെ ജൂതരുടെ ജീവിതം താരതമ്യേന ക്ലേശരഹിതമായിരുന്നുവെന്നും 'ജിസ്യഃ' (സംരക്ഷണനികുതി) അടക്കണമെന്ന നിലയിൽ സമ്പൂർണ





**ജൂത – ഇസ്‌ലാം സംഘട്ടനങ്ങൾക്ക് ചരിത്രത്തിൽ വേരുകളില്ല. ക്രൈസ്തവ വിഭാഗവുമായി നടന്നതു പോലുള്ള സംഘട്ടനങ്ങൾ മുസ്‌ലിംകൾ ജൂതരുമായി നടത്തിയിട്ടില്ല. ഇസ്രായേലിന്റെ പേരിലുള്ള മുസ്‌ലിം– ജൂത ഭിന്നിപ്പിന് മുമ്പ് ഇരുകൂട്ടരും തമ്മിൽ പറയത്തക്ക പോരാട്ടങ്ങളിലൊന്നും ഏർപ്പെട്ടിട്ടുമില്ലെന്ന് മതചിന്തക കരൺ ആംസ്ട്രോങ് കൃത്യമായി ചൂണ്ടിക്കാട്ടുന്നുണ്ട്.**

മതസ്വാതന്ത്ര്യം അവർക്ക് നൽകിയിരുന്നതായും സയണിസ്റ്റ് ചരിത്രകാരൻ ബർണാർഡ് ലിവീസ് തന്നെ സമ്മതിക്കുന്നുണ്ട്.(6) നിർബന്ധിതമതം മാറ്റമടക്കമുള്ള മതപീഡനങ്ങളിൽ നിന്ന് അവർ തികച്ചും മുക്തരായിരുന്നു.(7) ഐബീരിയൻ മുസ്‌ലിംഭരണകാലം ജൂതചരിത്രത്തിലെ സുവർണകാലമായി വിലയിരുത്തപ്പെടുന്നു.(8)

ഇസ്‌ലാമിക രാഷ്ട്രീയ സാമൂഹിക വ്യവസ്ഥ, ജൂതരോട് പൊതുവെ സഹിഷ്ണുത പുലർത്തിയെന്ന് മതചരിത്ര വിശാരദൻ ജോൺ എസ്പോസിറ്റോവും (9) ചരിത്രകാരൻ മാർക്ക് കോവിനും(10) തെളിവുകൾ നിരത്തുന്നു.

20-ാം നൂറ്റാണ്ടിൽ സയണിസം, യൂറോപ്യൻ കൊളോണിയലിസം എന്നിവയാണ് മുസ്‌ലിംകളുടെ



Iberian peninsula:
Political and linguistic boundaries ca. 900 AD

**യൂറോപ്യൻ നാടുകളിൽ നിന്ന് ജൂതർ ആന്റിസെമിറ്റിസത്തിന്റെ പേരിൽ പുറത്താക്കപ്പെടുമ്പോഴും ഒട്ടോമൻ സാമ്രാജ്യം അവർക്ക് അഭയമരുളി. യൂറോപ്പ് ജൂതവേട്ടയിൽ അഭിരമിക്കുമ്പോൾ മുസ്‌ലിം നാടുകളിൽ അവർക്ക് അഭയം ലഭിച്ചു. ക്രൈസ്തവ ലോകത്ത് വിപുലമായി നിലനിന്ന ജൂതവിരുദ്ധത മുസ്‌ലിം ലോകത്ത് പ്രകടമായില്ല എന്നതിന് ലോക ചരിത്രം സാക്ഷിയാണ്. 1945 ലെ കണക്കനുസരിച്ച് ഏതാണ്ട് 8 ലക്ഷത്തോളം ജൂതർ അറബ് ലോകത്ത് വസിച്ചിരുന്നു.**

സഹിഷ്ണുതാ പാരമ്പര്യത്തിൽ വിള്ളലുകൾ വീഴ്ത്തിയത്. ഇന്നും ഇറാൻ, ഇറാഖ്, ഉസ്ബെക്കിസ്ഥാൻ, തുർക്കി എന്നിവിടങ്ങളിൽ മതസ്വാതന്ത്ര്യത്തോടെ അധിവസിക്കുന്ന ജൂതരെ നമുക്ക് കാണാം.

**സയണിസത്തിന്റെ ജൂതവിരുദ്ധത**

ജൂതമതത്തിന്റെ അടിസ്ഥാന സങ്കൽപങ്ങളിലൊന്നാണ് പരദേശികളായ അവസ്ഥയിൽ ദേശീയ പ്രതീക്ഷകൾ വെച്ചുപുലർത്തരുതെന്നത്. എല്ലാ ജൂത യാഥാസ്ഥിതിക-മൗലിക വാദികളും ഇക്കാര്യത്തിൽ നാറ്റാണ്ടുകളായി ഏകോപിതരായിരുന്നു. അതുകൊണ്ട് തന്നെ ഏറ്റവും ശക്തമായ സയണിസ്റ്റ് വിരുദ്ധത നിലനിൽക്കുന്നത് ജൂതയാഥാസ്ഥിതികരിലാണ്. ജൂതമതത്തിൽ അടിയുറച്ചുനിന്നുകൊണ്ട് തന്നെ സയണിസത്തെ തുറന്നുകാട്ടാൻ ആൽഫ്രഡ് ലിലിയൻതാൾ (1918-2008), ഇസ്രയേൽ ഷഹാഖ് (1933-2001) എന്നീ പണ്ഡിതന്മാർക്ക് കഴിഞ്ഞു.

'നെട്ടുറെയ് കർട്ട' പോലുള്ള പ്രസ്ഥാനങ്ങൾ ജൂതരുടെ പരദേശങ്ങളിലേക്കുള്ള വ്യാപനം ദൈവനിശ്ചിതമാണെന്നും, എല്ലാ മനുഷ്യരും സോദരസമാനം ദൈവാർപ്പണത്തിലേക്ക് വരുമ്പോൾ മാത്രമാണ് യഥാർത്ഥ രാഷ്ട്ര രൂപീകരണം നടക്കാൻ പാടുള്ളൂവെന്നും അതിന് വിരുദ്ധമായി 1948 ൽ നടന്ന ഇസ്രയേൽ രൂപവൽകരണം മതവിരുദ്ധമാണെന്നും വാദിക്കുന്നു. ജൂതമതത്തിന്റെ നൈതികതക്കെതിരാണ് ഇസ്രയേലിന്റെ മിക്ക ചെയ്തികളെന്നും ഇവർ കുറ്റപ്പെടുത്തുന്നു. ഇസ്രയേൽ രാഷ്ട്രം പിരിച്ചുവിട്ട് പലസ്തീനികൾക്ക് കൈമാറണമെന്നും ഇവർ ആഹ്വാനം ചെയ്യുന്നു.

രക്തച്ചൊരിച്ചിലും, നിരപരാധികളെ അന്യായമായി ദ്രോഹിക്കലും തോറയനുസരിച്ച് നിഷിദ്ധമാണെന്നും അന്യരുടെ ഭൂമി തട്ടിയെടുത്ത് സംസ്ഥാപിതമായ നിരീശ്വര സയണിസം ലോകമെങ്ങുമുള്ള ജൂതരുടെ ജീവിതം ദുസ്സഹമാക്കിയതായും 'നെട്ടുറെയ് കർട്ട' ആരോപിക്കുന്നു.

ജൂതരുടെ സ്വത്വത്തെ ദേശീയമായി നിർണയിക്കാൻ ശ്രമിക്കുന്ന സയണിസം മതനിന്ദയാണ് പ്രകടിപ്പിക്കുന്നതെന്ന് റബ്ബിഹെർഷിനെപ്പോലുള്ള ജൂത പണ്ഡിതർ തുറന്നടിക്കുന്നു. ഇസ്രയേലിലെ രാഷ്ട്രീയ നേതാവായ അറനോൺ ക്രബിൻസ്റ്റൈൻ പറയുന്നത് ജൂതപിതൃഭൂമിക്കും, റബ്ബികളുടെ സിനഗോഗിനും വിരുദ്ധമായ നീക്കമാണ് സയണിസം എന്നാണ്.(11)

എന്നാൽ ജൂത-ക്രൈസ്തവ സയണിസ്റ്റുകൾ മദ്ധ്യപൗരസ്ത്യ ദേശത്ത് നടക്കുന്ന സംഘട്ടനങ്ങൾ മതയുദ്ധമാക്കി ചുരുക്കിക്കെട്ടുകയാണ്. ഇക്കാര്യം ക്രൈസ്തവ സയണിസ്റ്റ് ജൂലിയ ഫിഷർ ആവർത്തിക്കുന്നു.(12) ജൂതരും അറബികളും തമ്മിൽ വിശുദ്ധ ഭൂമിയിൽ സമാധാനമുണ്ടാകില്ല എന്നതിൽ അവർ സംശയിക്കുന്നില്ല.(13)

സയണിസം നൂറ്റാണ്ടുകൾ പഴക്കമുള്ള ജൂത ആശയമാണെന്ന ധാരണ തെറ്റാണ്. മതേതരവും, മതവിരുദ്ധവും, ദേശീയവുമായ സയണിസം 19-ാം നൂറ്റാണ്ടിലെ യൂറോപ്യൻ ജൂത അനുഭവങ്ങളുടെ പ്രതികരണമായാണ് ഉയിരെടുത്തത്. തുടക്കം മുതൽ മതകീയമായല്ല, രാഷ്ട്രീയ പ്രസ്ഥാനമായാണ് സയണിസം വളർന്നതും പുഷ്ടിപ്പെട്ടതും. സ്വന്തം രാഷ്ട്രീയ താൽപര്യങ്ങളെ സംരക്ഷിക്കാനായി സയണിസം ജൂതമതത്തെ ചൂഷണം ചെയ്യുകയാണ്.

അമേരിക്കൻ ജൂതരുടെ 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലെ ശബ്ദമായിരുന്നു റിഫോം റബ്ബിമാരുടേത്. 1885ൽ റിഫോംറബ്ബിമാരുടെ സമ്മേളനം ഇങ്ങനെ പ്രഖ്യാപിച്ചു: 'ഞങ്ങൾ ഒരു രാഷ്ട്രമായല്ല, ഒരു മതവിഭാഗമായാണ് സ്വയം വിലയിരുത്തുന്നത്. അതുകൊണ്ട് തന്നെ പലസ്തീനിലേക്കുള്ള ഒരു തിരിച്ചുപോക്കോ അഹ്‌രോന്റെ പുത്രന്മാരുടെ കീഴിലുള്ള ബലിയാരാധനയുടെ ആരംഭമോ, ജൂതരാഷ്ട്ര നിയമങ്ങളുടെ പുനഃസ്ഥാപനമോ ഞങ്ങൾ ലക്ഷ്യം വെക്കുന്നില്ല'(14)

തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യം നേടിയെടുക്കാനായി ഏത് ഭീകരപ്രവർത്തനം നടത്താനും സയണിസം മടിച്ചിട്ടില്ല; ജൂതമതത്തിന്റെ നൈതികത അതിനെ പിന്തുണക്കുമോ എന്ന ചിന്ത സയണിസ്റ്റുകളെ ലവലേശം അലട്ടിയിട്ടില്ല. കടുത്ത മതേതരവാദികളായിരുന്നു അവർ. ഉദാഹരണത്തിന് മേനച്ചം ബെഗിന്റെ നേതൃത്വത്തിലുള്ള ഇർഗൺ എന്ന സയണിസ്റ്റ് ഭീകര സംഘടന 1946 ജൂലൈ 22 ന് കിംഗ് ഡേവിഡ് ഹോട്ടൽ ബോംബ് ചെയ്തത്

ബ്രിട്ടനെ സയണിസ്റ്റനുകൂലമാക്കാൻ ലക്ഷ്യമിട്ടായിരുന്നു.

1948 ഏപ്രിൽ 9 ന് 254 പാലസ്തീനികളെ (സ്ത്രീ കളും, കുട്ടികളും ഉൾപ്പെടെ) ബെഗിന്റെ നേതൃത്വത്തി ലുള്ള ഹഗാന കൂട്ടക്കുരുതി നടത്തി. ഇതേപ്പറ്റി അഭിമാ നപുരസ്സരം ബെഗിൻ രേഖപ്പെടുത്തുന്നത് കാണുക: 'ഹഗാന മറ്റുമുന്നണികളിലും വിജയകരമായ ആക്രമണം നടത്തി... ഭീതിപുരണ്ട അവസ്ഥയിൽ അറബികൾ നില വിളിച്ചു, 'ദെയ്ർ യാസീൻ'(15)

സയണിസ്റ്റുകളിലെ അതിഭീകരരുടെ സംഘടന യായ് 'ഗുഷ്എമുനിം' പോലുള്ള പ്രസ്ഥാനങ്ങൾ ജൂതേ തരർക്ക് മനുഷ്യാവകാശങ്ങളുണ്ട് എന്ന് പോലും കരു തുന്നില്ല. മതത്തെ തങ്ങളുടെ ദുഷ്ചെയ്തികൾക്കും, ദുർവൃത്തികൾക്കും വേണ്ടി ഉപയോഗിക്കാൻ അതീവ തൽപരരാണ് അവർ.

**ജൂതവിരുദ്ധരുമായുള്ള ബാന്ധവം**

ഏറ്റവും കടുത്ത ജൂതവിരുദ്ധരുമായി സയണിസ്റ്റു കൾ നിഗൂഢബന്ധത്തിലേർപ്പെട്ടിട്ടുണ്ട്; ഇന്നും ഏർപ്പെ ട്ടുകൊണ്ടിരിക്കുന്നുമുണ്ട്. ജൂതജനതയുടെ നിലനിൽപ് തന്നെ ഈ വിധം പണയപ്പെടുത്തുന്നതിൽ സയണിസ്റ്റു കൾക്ക് വിഷമം തോന്നാറില്ല; എന്നല്ല അവർക്കതിൽ ചാരിതാർത്ഥ്യമാണുള്ളത്!

സയണിസത്തിന്റെ പിതാവ് തിയഡോർ ഹെർസ ലിന് തന്റെ ലക്ഷ്യസാഫല്യത്തിന് ആന്റി സെമിറ്റിസത്തെ ഫലപ്രദമായുപയോഗിക്കാൻ ആവേശമായിരുന്നു. ആന്റി സെമിറ്റിക്കുകൾക്ക് ജൂതരെ ഒഴിവാക്കാൻ താൽപര്യമുള്ള പ്പോൾ, സയണിസ്റ്റുകൾക്ക് അവരെ ഇസ്രയേലിൽ കുടി യിരുത്തലാണ് ലക്ഷ്യം. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി സയണിസ്റ്റുകൾ പടിഞ്ഞാറിന്റെ നെഗറ്റീവ് ഊർജ്ജങ്ങ ളായ സാമ്രാജ്യത്വം, കൊളോണിയലിസം, ആന്റി സെമി റ്റിസം, ഇസ്‌ലാമോഫോബിയ, ആഴത്തിലുള്ള വംശീയത എന്നിവയെ സമാഹരിച്ചുകൊണ്ട് മുസ്‌ലിം നാടുകളുടെ ഹൃദയഭൂമിയിൽ ചേക്കേറുകയായിരുന്നു. എല്ലാ ദുഷ്ട ശക്തികളേയും തങ്ങളുടെ ദുഷ്ചെയ്തികൾക്കായവർ ഐക്യപ്പെടുത്തി.

ജൂതനെ സഹായിക്കാൻ മറ്റുള്ളവർക്ക് കഴിയില്ല എന്ന ആന്റി സെമിറ്റിക് ആശയം ഹെർസൽ പ്രചരിപ്പി ച്ചു. ജൂതരുടെ സ്വയം കേമന്മാരാകാനുള്ള പ്രവണത മറ്റെല്ലാ ജനതകളേയും വെറുക്കുന്നതിലെത്തിക്കുകയാ യിരുന്നു ആന്റി സെമിറ്റിസത്തിൽ സംഭവിച്ചത്.(16)

അറബികളും പലസ്തീനികളും സെമിറ്റിക്കുകൾ തന്നെയാണ്; അവർ നോഹയുടെ പുത്രൻ ശേമിന്റെ പിന്മുറക്കാരാണ്. അതുകൊണ്ട് തന്നെ ആന്റി സെമിറ്റി ക്കുകളാകാൻ അവർക്കാവില്ല. ജൂതരുടെ ചരിത്രത്തിലു ടനീളം അവർക്ക് സംരക്ഷണം നൽകിയ വിഭാഗത്തെ തന്നെ സയണിസ്റ്റുകൾ ഇന്ന് മുഖ്യ ശത്രുക്കളായി പ്രതി ഷ്ഠിച്ചത് മാത്രമല്ല, ജൂതരുടെ കടുത്ത ശത്രുക്കളെത്തന്നെ ഈ യത്നത്തിൽ അവർ കൂട്ടുപിടിച്ചിരിക്കുന്നു എന്നതും അവരുടെ തനിനിറം വെളിച്ചത്തുകൊണ്ടുവരാൻ സഹാ യിക്കുന്നു.


ജൂതരെ വെറുക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ക്രൈസ്തവ സയണിസ്റ്റുകൾ വരുത്തുന്നില്ല. കേവലം തന്ത്രപരമായ വെടിനിർത്തൽ മാത്രമേ അവർക്ക് ജൂതരു മായുള്ളൂ. ഹിറ്റ്ലറുടെ ചെയ്തിപോലും ദൈവത്തിന്റെ ഹിതമനുസരിച്ചായിരുന്നുവെന്ന് ക്രൈസ്തവ സയണിസ്റ്റ് ഡ്വൈറ്റ് വിൽസൺ എഴുതുന്നു. അതായത് പ്രത്യക്ഷ ത്തിൽ കൂടുതൽ ജൂതാനുകൂലമാണ് ക്രൈസ്തവ സയ ണിസ്റ്റുകളുടേതെങ്കിലും ഇതിന് ജൂതരോടോ ജൂതമത ത്തോടോ ഉള്ള പ്രത്യേക മമതയോ വാത്സല്യമോ കാര ണമല്ല എന്ന് വിൽസൺ കൂട്ടിച്ചേർക്കുന്നു.

1924 ൽ അമേരിക്കയിൽ സ്ഥാപിതമായ ക്രൈസ്തവ സയണിസ്റ്റ് സെമിനാരിയാണ് ഡള്ളാസ് തിയോളജിക്കൽ സെമിനാരി. മൂന്ന് ദശകങ്ങളോളം പ്രസ്തുത സെമിനാരിയുടെ പ്രസിഡണ്ടും കാലഘട്ടവാ ദത്തിന്റെ മുഖ്യ ദൈവശാസ്ത്രജ്ഞനുമായിരുന്നു ജോൺ എഫ്. വാൾവുഡ്. ഇസ്രയേൽ, ജൂത ജനതയുടെ മൂന്നിൽ രണ്ടും നശിപ്പിക്കപ്പെടുമെന്ന് വാൾവുഡ്, ബൈബിളിലെ സക്കരിയ 13:8-9 വാക്യങ്ങളുദ്ധരിച്ച് വാദിക്കുന്നു; അവ ശേഷിക്കുന്നവർ ദുർമാർഗ്ഗം (ജൂതമതം) വിട്ടൊഴിഞ്ഞ് ക്രൈസ്തവരായി മാറുമത്രെ.(18)

ഹോളോക്കോസ്റ്റിനേക്കാൾ ഭീകരമായ ഒരു ജൂത നിഗ്രഹവും സ്വപ്നം കണ്ടാണ് ക്രൈസ്തവ സയണി സ്റ്റുകളുടെ ചെയ്തികളത്രയും. ജൂതമതത്തെയും, ജൂത



മാർക്ക് കോവിൻ



നെട്ടുറായ് കർട്ട

**സയണിസം നൂറ്റാണ്ടുകൾ പഴക്കമുള്ള ജൂത ആശ യമാണെന്ന ധാരണ തെറ്റാണ്. മതേതരവും, മതവിരു ദ്ധവും, ദേശീയവുമായ സയണിസം 19-ാം നൂറ്റാ ണ്ടിലെ യൂറോപ്യൻ ജൂത അനുഭവങ്ങളുടെ പ്രതിക രണമായാണ് ഉയിരെടുത്തത്. തുടക്കം മുതൽ മത കീയമായല്ല, രാഷ്ട്രീയ പ്രസ്ഥാനമായാണ് സയ ണിസം വളർന്നതും പുഷ്ടിപ്പെട്ടതും. സ്വന്തം രാഷ്ട്രീയ താൽപര്യങ്ങളെ സംരക്ഷിക്കാനായി സയ ണിസം ജൂതമതത്തെ ചൂഷണം ചെയ്യുകയാണ്.**



ആർതർ ജെയിംസ് ബാൽഫർ



മേനച്ചം ബെഗ്

രെയും മുച്ചൂടും നശിപ്പിക്കാൻ വെമ്പുന്ന ഏറ്റവും കടുത്ത ആന്റി സെമിറ്റിക്കുകളുമായി (ക്രൈസ്തവ സയണിസ്റ്റുകൾ) പങ്കുചേരാൻ സയണിസ്റ്റുകൾ മടിക്കുന്നില്ല എന്നത് അവരുടെ ജൂതവിരുദ്ധതയുടെ കൂടി തെളിവാണ്.

ഇസ്രയേലിനടിത്തറ പാകിയ ബാൽഫർ പ്രഖ്യാപനം നടത്തിയ ആർതർ ജെയിംസ് ബാൽഫർ (1848–1930) പോലും കടുത്ത ആന്റി സെമിറ്റിക്കായിരുന്നു. ജൂതർ ബ്രിട്ടനിലേക്ക് കുടിയേറുന്നതിനെ അയാൾ എതിർത്തിരുന്നു.

പലസ്തീനിയൻ അറബ് ദേശീയവാദിയായിരുന്ന അമീശൽ ഹുസൈനി (1895–1974), പലസ്തീനികൾക്കെതിരായ ബ്രിട്ടീഷ് വഞ്ചനയെത്തുടർന്ന് ഹിറ്റ്ലറുടെ സഹായം തേടിയത് വമ്പിച്ച തോതിൽ പ്രചാരണ യുദ്ധമാക്കുന്ന സയണിസ്റ്റുകൾ പലകാര്യങ്ങളും ഒരുമിച്ച് മറച്ച്വെക്കുകയാണ്. ഒന്നാം ലോകമഹായുദ്ധകാലത്ത് വിവിധ അറബ് രാഷ്ട്രങ്ങൾക്ക് വഞ്ചനാത്മകമാം വിധം കപടവാഗ്ദാനങ്ങൾ നൽകിയതിൽ പ്രതിഷേധിച്ചായിരുന്നു ഹുസൈനിയുടെ തെറ്റായ നീക്കം നടന്നത്. പലസ്തീനികളുടെ ന്യൂനാൽ ന്യൂനപക്ഷം മാത്രമേ ഹുസൈനിയോട് സഹകരിച്ചുള്ളൂ. 1941 ൽ ഹജ്ജ് അമീൻ ജൂതകുടിയേറ്റത്തിനെതിരെ ഉയർത്തിയ ജിഹാദ് ആഹ്വാനം അറബികൾ പൊതുവെ തള്ളിക്കളയുകയായിരുന്നു.(19) മാത്രമല്ല, 1939 ൽ സഖ്യശക്തികൾ പുറത്തിറക്കിയ ധവളപത്രത്തിൽ പാലസ്തീനിലേക്കുള്ള ജൂതകുടിയേറ്റത്തിന് നിയന്ത്രണമേർപ്പെടുത്താമെന്ന വാഗ്ദാനമാണ് സഖ്യശക്തികളെത്തന്നെ പിന്തുണക്കാൻ പാലസ്തീനികളെ പ്രേരിപ്പിച്ചത്. ഏത് നിലക്കും രണ്ടാം ലോകമഹായുദ്ധ വേളയിൽ നാസികളുമായി തുറന്ന സഖ്യത്തിന് വിസമ്മതിച്ച ചുരുക്കം ചില വിഭാഗങ്ങളിൽപ്പെട്ടുവെന്നത് പലസ്തീനികൾ അഭിമാനം കൊള്ളുന്നു.

അതേസമയം, ഫ്രാൻസ്, ഇറ്റലി, ജപ്പാൻ, റുമേനിയ, ക്രൊയേഷ്യ, ബർഗേറിയ, സ്വിറ്റ്സർലണ്ട് എന്നീ രാഷ്ട്രങ്ങൾ നാസികളുമായി തുറന്ന ബന്ധത്തിലേർപ്പെട്ടു. ജൂതപൗരന്മാരെ നാസി രഹസ്യപ്പോലീസുകാർക്ക് ഒറ്റുകൊടുക്കാനും ഈ രാജ്യങ്ങളിലെ ഭരണകൂടങ്ങളും ജനങ്ങളും തയ്യാറായി.

ഇറ്റാലിയൻ ഫാഷിസ്റ്റുകളുമായി സ്റ്റേൺഗാംങ് എന്ന സയണിസ്റ്റ് സംഘടന സംഖ്യമുണ്ടാക്കുകയും അതുവഴി പണവും ആയുധങ്ങളും തങ്ങളുടെ തീവ്രവാദപ്രവർത്തനങ്ങൾക്ക് നേടിയെടുക്കുകയും ചെയ്തിരുന്നു.

1980 കളിൽ ഇസ്ഹാഖ് ഷമീറിനോട് (ഭാവിയിലെ ഇസ്രയേലി പ്രധാനമന്ത്രി) ഫാഷിസ്റ്റുകളുമായി ബാന്ധവുമുണ്ടാക്കിയതിന്റെ കാരണത്തെപ്പറ്റി ചോദിച്ചപ്പോൾ അയാളുടെ മറുപടി ഈ വിധമായിരുന്നു: 'എന്റെ ശത്രുവിന്റെ ശത്രു എന്റെ മിത്രമാണ്'(20)

അതേസമയം, ഈ നാസി-ഫാഷിസ്റ്റ് ബാന്ധവങ്ങളൊക്കെ മറച്ചുവെച്ച് ഹജ്ജ് അമീന്റെ തന്ത്രപരമായി പാളിപ്പോയ ചെയ്തികളുടെ പേരിൽ പലസ്തീനികളെ മുഴുവൻ നാസികളോടുപമിക്കാൻ ഇസ്രയേലി പ്രചാരണയന്ത്രം ആവേശം കാട്ടുന്നത് കാണാം.

**ജൂതർ: ഗ്രന്ഥം നൽകപ്പെട്ട വിഭാഗം**

ജൂതമതത്തിന്റെ അടിത്തറയായ ഏകദൈവ ദർശനം ബൈബിളിൽ ഇങ്ങനെ വായിക്കാം: 'ഇസ്രായേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്. നിങ്ങളുടെ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം' (ആവർത്തനം:6:4–5). ഇസ്‌ലാം സമർപ്പിക്കുന്ന തൗഹീദ് (ഏകദൈവത്വം) എന്ന ആശയം ഇത് തന്നെയാണ്.

ഇസ്രായേലുമായി ദൈവമുണ്ടാക്കിയ ബന്ധം പരസ്പരമുള്ള കരാറിന്റെ അടിസ്ഥാനത്തിലായിരുന്നു: 'ഭൂമിയിലുള്ള സകല ജനതകളിലും വെച്ച് നിങ്ങളെ മാത്ര



ഡേവിഡ് ഹോട്ടൽ

മാണ് ഞാൻ സ്വന്തമായി ഗണിച്ചത്. അതിനാൽ, നിങ്ങളുടെ എല്ലാ പാപങ്ങൾക്കും ഞാൻ നിങ്ങളെ ശിക്ഷിക്കും' (ആമോസ്:3:1–2).

'നീതി' എന്ന മൂല്യവുമായി ബന്ധപ്പെടാത്ത ഒരനുഷ്ഠാനവും ഇസ്രായേലിന്റെ ദൈവത്തിന് സ്വീകാര്യമല്ല: 'നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്ക് പ്രസാദമില്ല. നിങ്ങൾ ദഹന ബലികളും ധാന്യബലികളും അർപ്പിച്ചാലും ഞാൻ സ്വീകരിക്കുകയില്ല. സമാധാന ബലിയായി നിങ്ങൾ അർപ്പിക്കുന്ന കൊഴുത്ത മൃഗങ്ങളെ ഞാൻ നോക്കുകയില്ല' (ആമോസ്:5:21–22).

ഇസ്രേയലീ സന്തതികളെ തെരഞ്ഞെടുത്തത്,

അവർക്ക് അവകാശമെന്നതിലേറെ ബാധ്യതകൾ നൽകുന്നതായിരുന്നുവെന്ന് വേദവാക്യങ്ങൾ സൂചിപ്പിക്കുന്നു: 'തിന്മയെ വെറുക്കുവിൻ, നന്മയെ സ്നേഹക്കുവിൻ. നഗരകവാടത്തിൽ നീതി സ്ഥാപിക്കുവിൻ' (ആമോസ്:5:15).

എശയ്യ, മീക്കാ എന്നീ പ്രവാചകന്മാരുടെ വാക്കുകൾ ജൂതമതത്തിന്റെ അടിസ്ഥാന സന്ദേശങ്ങളാണ്. ഈ സന്ദേശങ്ങളൊക്കെ സയണിസ്റ്റുകൾ മറക്കുകയാണ്: 'നീതി'ക്ക് വേണ്ടി അവിടുന്ന് കാത്തിരുന്നു. ഫലമോ രക്തച്ചൊരിച്ചിൽ മാത്രം! ധർമ്മ നിഷ്ഠക്ക് പകരം നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളി' (എശയ്യ:5:8).

'എനിക്ക് ഹാ. കഷ്ടം! ...ദൈവഭക്തരായവർ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷരായിരിക്കുന്നു. മനുഷ്യരുടെയിടയിൽ സത്യസന്ധരായി ആരുമില്ല. അവരെല്ലാവരും രക്തത്തിന് വേണ്ടി പതിയിരിക്കുന്നു. ഓരോരുത്തരും സ്വസഹോദരനെ കുടുക്കുവാൻ വല വിരിക്കുന്നു' (മീക്ക:7:1-3).

**റഫറൻസ്**


1) Karen Armstrong, Islam: A short History, Modern Library, New York, 2000, P.18-19

2) D.Prager, J.Telushkin, Why the JewsN The Reason for Anti-Semistism, Simon 4 Schuster: New York, 1983, P.110-126.

3) ഖുർആൻ: 199, 3:113-115, 2:62.

4) John L. Esposito, Islam: The Straight path, Oxford University Press: New York, 1998, P.17

5) Gerhard Endress, Islam, Columbia University Press: New York, 1988, P.29.

6) Bernard Lewis, The Jews of Islam, Princeton University Press: Princeton, 1984, P.10

7) Bernard Lewis, Semites and Anti-Semites: An Inquiry into Conflict and Prejudice, WW. Norton £ Co: New York, 1999, P.131.

8) Leon Poliakov, The History of Anti-Semitism, The Vanguard Press: New York, 1974, P.91-96.

9) John L.Esposito, What Everyone Should know About Islam and Muslims? Oxford University Press: New York, 2002, P.81.

10) Mark R. Cohen, Modern Myths of Muslim Anti-Semitism, in "Muslim Attitudes to Jews and Israel (Ed: Moshe Ma'oz), Sussex Academic Press: Portland, Or, 2010, P.31-47.

11) Amnon Rubinstein, The Zionist Dream Revisited, Scholcken Books: N.Y, 1984, P.19.

12) Julia Fisher, Israel: The Mystery of Place, Authentic Media: Milton Keynes, 2004, P.156.

13) Julia Fisher, Ibid P.11

14) Rosemary Radford Ruether, Herman J. Ruether, The Wrath of Jonah, Fortress Press: Minnerapolis, 2002, P.83.

15) Menachin Begin, The Revolt: The story of Irgun, Nash Publishing: New York, 1977, P. 162

16) Charles Mcllwain, The Growth of Blitical Thought in the West, Macmillan: New York, 1932, P.145.

17) Dwight Wilson, Armageddon Now, Bakes: Grand Rapids, 1977, 96-97.

18) John F. Walwoord, Israel In Prophecy, Zondervan Michingaan, 1988, P.108.

19) Benny Morris, Righteous Victims, Alfred Knopt: New York, 1999, P.165.

20) Tom Seger, One Palestine, Complete: Jews and Arabs Under the British Mandate, Metropditan Books: New York, 2000, P.464.


■